# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4348 12.11.2019 -ൽ മറുപടിയ്ക്ക്

### നെടുമങ്ങാട് മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തിരം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം & ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടു മണ്ഡപം ടെമ്പിൾ" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ടി പദ്ധതിക്ക് 4,20,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (നാല്പ കോടി ഇരുപത് ലക്ഷം രൂപാ മാത്രം). പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ്- "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ടെമ്പിൾ, തിരുവനന്തപുരം " — എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ. (സാധാ) നം. 182/2019/ടൂറിസം തിരുവനന്തപുരം, തീയതി 04/06/2019.

പരാമർശം : 1. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 23.05.2019 ലെ P6-2643/2019 നമ്പർ കത്ത്.
2. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 28.05.2019 ലെ നടപടിക്കുറിപ്പുകൾ.
3. സ.ഉ.(കൈ) നം.3/2019/ടൂറിസം, തീയതി 30.05.2019.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന വളരെ പ്രശസ്തവും പുരാതനവുമായ ക്ഷേത്രമാണ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ക്ഷേത്രം. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ടി ക്ഷേത്രത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഗാന്ധി സ്മാരക മണ്ഡപത്തിന്റെ സംരക്ഷണവും അതിനോടനുബന്ധിച്ച് ക്ഷേത്രത്തിൽ ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്ററും സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ M/s. HLL ഇൻഫ്രടെക് സർവീസസ് എന്ന സ്ഥാപനം തയ്യാറാക്കിയ "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ടെമ്പിൾ, തിരുവനന്തപുരം " എന്ന പദ്ധതിയ്ക്ക് 4,20,00,000/-(നാല് കോടി ഇരുപതു ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്നഭ്യർത്ഥിച്ച് പ്രസ്തുത പദ്ധതി പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

28.05.2019-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതി അംഗീകരിക്കുകയും പദ്ധതിക്കാവശ്യമായ 4,20,00,000/- രൂപ (നാല് കോടി ഇരുപതു ലക്ഷം രൂപ മാത്രം) രൂപ " 5452-01-101-99 അപ്ഗ്രഡേഷൻ ആന്റ് ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാമെന്നും തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ടെമ്പിൾ,

തിരുവനന്തപുരം " എന്ന പദ്ധതിയ്ക്ക് 4,20,00,000/- (നാലു കോടി ഇരുപതു ലക്ഷം രൂപ മാത്രം) രൂപ "5452-01-101-99 അപ്ഗ്രഡേഷൻ ആന്റ് ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത പദ്ധതി വിനോദസഞ്ചാര വകുപ്പ് മുഖേന 12 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി നിലവിലെ സർക്കാർ ഉത്തരവുകളിൽ അനുശാസിക്കുന്ന നിബന്ധനകളും നടപടിക്രമങ്ങളും നിർദ്ദേശങ്ങളും കർശനമായി പാലിയ്ക്കേണ്ടതും, പദ്ധതി ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

( ഗവർണറുടെ ഉത്തരവിൻപ്രകാരം),
പ്രകാശ്. ബി.എസ്
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്,
പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.& ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പ്ലാനിംഗ് (സി.പി.എം.യു.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ